പതിനാലാം കേരള നിയമസഭ
ഒന്നാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 170 | 28.06.2016 ൽ മറുപടി നല്കേണ്ടത്. |
|---|---|

**ഭക്ഷണത്തിൽ മായം ചേർക്കൽ**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.പി.കെ.ബഷീർ** | | ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്ത് വിപണനം ചെയ്യുന്ന ഭക്ഷണ പാനീയങ്ങൾ, പഴങ്ങൾ, പച്ചക്കറികൾ, പാൽ, മാംസം എന്നിവയിൽ വ്യാപകമായ തരത്തിൽ മായം ചേരുന്നതായും കീടനാശിനികൾ അമിതമായി ഉപയോഗിക്കപ്പെടുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ: | എ) | ഉണ്ട്. |
| ബി) | ഇവ കണ്ടെത്തുന്നതിനും തടയുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ; | ബി) | ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ സംസ്ഥാനത്ത് ലഭ്യമാകുന്ന എല്ലാത്തരം ഭക്ഷ്യവസ്തുക്കളുടെയും സാമ്പിളുകൾ ശേഖരിക്കുകയും അവ സംസ്ഥാനത്തെ ഭക്ഷ്യസുരക്ഷാവകുപ്പിന്റെ നിയന്ത്രണത്തിലുള്ള തിരുവനന്തപുരം,എറണാകുളം, കോഴിക്കോട് എന്നീ അനലറ്റിക്കൽ ലബോറട്ടറികളിൽ പരിശോധിച്ച് നിശ്ചിത ഗുണനിലവാരമില്ലാത്തതായോ മായം ചേർത്തതായോ കണ്ടെത്തിയാൽ ഉത്തരവാദികൾക്കെതിരെ 2006 ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമവും അനുബന്ധ ചട്ടങ്ങളും അനുസരിച്ച് നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ സംസ്ഥാനവ്യാപകമായി പ്രത്യേക രാത്രികാല സ്ക്വാഡുകൾ ഉൾപ്പെടെ രൂപീകരിച്ച് ഹോട്ടലുകൾ,തട്ടുകടകൾ എന്നിവ പരിശോധനയ്ക്ക് വിധേയമാക്കാറുള്ളതും കൂടുതലായി പരാതി വരുന്ന കുടിവെള്ളം,വെളിച്ചെണ്ണ, കറിപൗഡർ എന്നിവയുടെ നിർമ്മാണ യൂണിറ്റുകളുൾപ്പെടെ പരിശോധനയ്ക്ക് വിധേയമാക്കാറുള്ളതും ഗുരുതരമായ നിയമലംഘനങ്ങൾ ശ്രദ്ധയിൽപ്പെടുന്നപക്ഷം നിരോധനനടപടികളടക്കം സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി) | സംസ്ഥാനത്ത് ഇത്തരം എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഭക്ഷ്യ സുരക്ഷാ വകുപ്പ് മുഖേന ഇക്കാര്യത്തിൽ എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചിട്ടുള്ളത് ;വിശദമാക്കുമോ? | സി) | സംസ്ഥാനത്ത് ഇത്തരത്തിൽ 2006 ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാരനിയമപ്രകാരം 384 കേസ്സുകൾ വിവിധ ജില്ലകളിലായി ഇതിനകം രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം 2006 ഉം അനുബന്ധ ചട്ടങ്ങളും അനുസരിച്ച് സംസ്ഥാന വ്യാപകമായി ഭക്ഷ്യസാമ്പിളുകൾ ശേഖരിച്ച് പരിശോധിക്കാറുള്ളതും റിപ്പോർട്ട് പ്രകാരം മായം ചേർത്തതായോ കീടനാശിനികളുടെ അമിത ഉപയോഗമുള്ളതായോ കണ്ടെത്തുന്നപക്ഷം ഉത്തരവാദികൾക്കെതിരെ 2006 ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമവും അനുബന്ധ ചട്ടങ്ങളും അനുസരിച്ച് നടപടി സ്വീകരിക്കാറുണ്ട്. കൂടാതെ സംസ്ഥാനവ്യാപകമായി പ്രത്യേക രാത്രികാല സ്ക്വാഡുകൾ ഉൾപ്പെടെ രൂപീകരിച്ച് ഹോട്ടലുകൾ,തട്ടുകടകൾ ഉൾപ്പെടെ പരിശോധനയ്ക്ക് വിധേയമാക്കാറുള്ളതും കൂടുതലായി പരാതി വരുന്ന കുടിവെള്ളം,വെളിച്ചെണ്ണ, കറിപൗഡർ, പാൽ എന്നിവയുടെ നിർമ്മാണ യൂണിറ്റുകളുൾപ്പെടെ പരിശോധനയ്ക്ക് വിധേയമാക്കാറുള്ളതും ഗുരുതരമായ നിയമലംഘനങ്ങൾ ശ്രദ്ധയിൽപ്പെടുന്നപക്ഷം നിരോധനനടപടികളടക്കം സ്വീകരിക്കാറുമുണ്ട്. |

സെക്ഷൻ ഓഫീസർ